# കേരളസർവകലാശാല

നം.പി.ആർ.208/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ‘കേരള’യിൽ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ പ്രവേശനം ആരംഭിച്ചു

2020-21 അദ്ധ്യയനവർഷം വിദൂരവിദ്യാഭ്യാസ പ്രോഗ്രാമുകൾ നടത്താൻ യു.ജി.സി. അനുമതി നൽകിയ കേരളത്തിലെ ഏക സർവകലാശാലയായ കേരളസർവകലാശാലയിലെ വിദൂരവിദ്യാഭ്യാസത്തിന്റെ 2020-21 അദ്ധ്യയനവർഷത്തെ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, കൊമേഴ്സ്, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്, ബി.ബി.എ. എന്നീ ബിരുദ പ്രോഗ്രാമുകൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കൊമേഴ്സ്, എം.ബി.എ., മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ലൈബ്രറി സയൻസ് എന്നീ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. സർവകലാശാല നടത്തുന്ന റെഗുലർ പ്രോഗ്രാമുകളുടെ സിലബസ് തന്നെയാണ് വിദൂരവിദ്യാഭ്യാസത്തിനുമുള്ളത്. അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഫീസ് അടയ്ക്കാനും ഓൺലൈൻ സൗകര്യമുണ്ട്.

**യു.ജി. പ്രോഗ്രാമുകൾക്ക് ഒക്ടോബർ 31 ഉം പി.ജി. പ്രോഗ്രാമുകൾക്ക് നവംബർ 18 ഉം ആണ് അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി.**

യു.ജി./പി.ജി. പ്രോഗ്രാമുകളുടെ ഓൺലൈൻ അപേക്ഷയുടെ ശരിപകർപ്പ്, അനുബന്ധരേഖകൾ മുതലായവ കാര്യവട്ടത്തു പ്രവർത്തിക്കുന്ന വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ രജിസ്റ്റേർഡ്/സ്പീഡ്പോസ്റ്റ് മുഖേന യഥാക്രമം നവംബർ 5, നവംബർ 23 തീയതികൾക്ക് മുൻപ് കിട്ടിയിരിക്കണം.

വിശദവിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

26.10.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098